# പതിനൊന്നാം കേരള നിയമസഭ

**മൂന്നാം സമ്മേളനം**

ബുള്ളറ്റിൻ – ഭാഗം 1

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 7, വ്യാഴം

നമ്പർ 48

രാവിലെ 9.00 മണിയ്ക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**അടിയന്തിര പ്രമേയം:-**

സുപ്രീകോടതി നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, മാർച്ച് 6-ാം തീയതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 'എസ്മ' പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട വനിതാ ജീവനക്കാരെ കോടതിയിൽ ഹാജരാക്കാതെ ലോക്കപ്പുകളിൽ പീഡിപ്പിച്ചതുമൂലം ഉള്ളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ ഗവൺമെന്റ് അതവർത്തിച്ചു നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി. തുടർന്നുള്ള സഭാനടപടികളിൽ നിന്നും അവർ വിട്ടു നിന്നു.

**ശ്രദ്ധക്ഷണിക്കൽ:-**

ആദായകരമല്ലാത്ത സ്ക്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം നടപ്പിലാക്കുമ്പോൾ മലയോര പിന്നോക്ക മേഖലകളെ പ്രസ്തുത തീരുമാനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അടൂർ പ്രകാശ് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**മേശപ്പുറത്തുവച്ച കടലാസ്:-***

2001-ലെ ഇക്കണോമിക് റിവ്യു ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി മേശപ്പുറത്തുവച്ചു. (* അജണ്ടയ്ക്കു പുറത്തുള്ള ഇനം)

**ധനകാര്യം :-**

2000-2001-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് സഭ ചർച്ച ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
2. ശ്രീ. ടി.പി.എം. സഹിർ
3. ശ്രീ. തോമസ് ചാഴിക്കാടൻ
4. ശ്രീ. കെ. കെ. ഷാബു
5. ശ്രീ. സി. പി. മുഹമ്മദ്
6. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
7. ശ്രീ. എ. കെ. മണി
8. ശ്രീ. കെ. കെ. നായർ
9. ശ്രീ. കെ. എൻ. എ. ഖാദർ
10. ശ്രീ. ഡി. സുഗതൻ

ധനകാര്യവും, എക്സൈസും വകുപ്പു മന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി നൽകി. അതിനുശേഷം ഉപധനാഭ്യർത്ഥകൾ സഭ ഏകകണ്ഠമായി പാസ്സാക്കി.

2002 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക്ശേഷം 1.10ന് സഭ പിരിഞ്ഞു.

കെ.ആർ ഉദയഭാനു
സെക്രട്ടറി.